©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 6
Vol. VI

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2017 ഏപ്രിൽ 18
18th April 2017
1192 മേടം 5
5th Medam 1192
1939 ചൈത്രം 28
28th Chaithra 1939

നമ്പർ
No. 16

## PART III
## Fisheries Department

അറിയിപ്പ്

നമ്പർ സി2/2381/2016(2). 2017 മാർച്ച് 27.

എറണാകുളം ജില്ലയിൽ ദേശീയ ജലപാത III-ന്റെ വികസനത്തിനുവേണ്ടി വടക്കേക്കര വില്ലേജിലെ താഴെപ്പാട് ഊന്നിനിരയിൽ ഉൾപ്പെട്ട 893–895–ാം നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം "ഉണ്ണാമൻ ഗംഗാധരൻ, മുള്ളംപറമ്പിൽ, കൊട്ടുവള്ളിക്കാട്" എന്നയാളുടെ പേരിൽ ലൈസൻസുള്ള മൂന്നാം തരത്തിൽ രജിസ്റ്റർ നമ്പർ 14-ൽ 1/3 വല, 19-ൽ 1/3 വല എന്നിവയും കൂടാതെ ടി വില്ലേജിലെ തന്നെ മേലെപ്പാട് ഊന്നിനിരയിൽ ഉൾപ്പെട്ട 938–940–ാം നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം "ഉണ്ണാമൻ ഗംഗാധരൻ, മുള്ളംപറമ്പിൽ, കൊട്ടുവള്ളിക്കാട്" എന്നയാളുടെ പേരിൽ ലൈസൻസുള്ള മൂന്നാം തരത്തിൽ രജിസ്റ്റർ നമ്പർ 4-ൽ 1/2 വല, 10-ൽ 1/3 വല എന്നിവയും ജലപാതയിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതും ടി വലകളുടെ ലൈസൻസ് 11-2-2014-ലെ സർക്കാർ ഗസറ്റ് നമ്പർ 6 വിജ്ഞാപന പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതുമാകുന്നു. ടി വലകളിൽ 231/1125–ാം നമ്പർ ആധാരപ്രകാരമുള്ള അവകാശം ശ്രീ. സുന്ദരന്റെ അവകാശികളിൽ ഒരാളായ ശ്രീ. എം. എസ്. ദേവാനന്ദ്, മുള്ളംപറമ്പിൽ, കൊട്ടുവള്ളിക്കാടിന്റെ പേരിൽ അനുവദിക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണ്. കൂടാതെ മേൽവലകളുടെ മത്സ്യവകുപ്പിൽ നിന്നും അനുവദിച്ചിരുന്ന 893–895, 938–940 എന്നീ പട്ടയങ്ങളുടെ അസ്സൽ കൈമോശം വന്നിട്ടുള്ളതാണ്. ആയത് കൈവശം ലഭിച്ചിട്ടുള്ളവർ മേൽപ്പറഞ്ഞ തീയതിക്കകം ആഫീസിൽ അറിയിക്കേണ്ടതാണ്. നിർദ്ദിഷ്ട തീയതിക്കുള്ളിൽ അത്തരത്തിലുള്ള ആക്ഷേപങ്ങളൊന്നും ലഭിക്കാത്തപക്ഷം ടിയാന് നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ അന്തിമ തീർപ്പ് കൽപ്പിക്കുന്നതുമാണ്.

ഫിഷറീസ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം (മേഖല),
ഡോ. സലീം അലി റോഡ്,
എറണാകുളം–682 018.

(ഒപ്പ്)
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ
(മേഖല) എറണാകുളം.